അന്തിമ മറുപടി

പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- റ്റി. 3820 25-06-2013-ൽ മറുപടിക്ക്

## കോടതികളിലെ വ്യവഹാരം മലയാളത്തിലാക്കുന്ന നടപടി

ചോദ്യം
ശ്രീ. ചിറ്റയം ഗോപകുമാർ

ഉത്തരം
ശ്രീ.കെ.എം.മാണി
(ബഹു.ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | മലയാളഭാഷയ്ക്ക് ശ്രേഷ്ഠ ഭാഷാ പദവി ലഭിച്ച സാഹചര്യത്തിൽ കോടതി വ്യവഹാരം ഉൾപ്പെടെയുള്ള നടപടികളിൽ ഭരണഭാഷ സമ്പൂർണ്ണമായി മലയാളത്തിലാക്കുന്നതിന് നിലനിൽക്കുന്ന തടസ്സങ്ങളെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; | കോടതി ഭാഷ മലയാളമാക്കുന്നതുമായി ബന്ധപ്പെട്ട് നടപടികളൊന്നും സ്വീകരിച്ചു വരുന്നില്ല. സംസ്ഥാനത്തെ കീഴ് ക്കോടതികളിൽ, അവ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ഒഴികെ ബാക്കി എല്ലാ നടപടികളിലും മലയാള ഭാഷയും ഇപ്പോൾ ഉപയോഗിക്കുന്നുണ്ട്. ഭരണ രംഗത്ത് മലയാള ഭാഷ ഉപയോഗിക്കുന്നതിൽ ഉദ്യോഗസ്ഥർക്ക് വിമുഖതയുണ്ടോയെന്നറിയുന്നതിന് അന്വേഷണ പഠനം നടത്തി വിശദമായ റിപ്പോർട്ട് നൽകുവാൻ ഐ.എം.ജി-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ; | മുകളിലെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല |

| | | |
|---|---|---|
| (സി) | ഭരണഘടന ഉൾപ്പെടെയുള്ള നിയമങ്ങളും ചട്ടങ്ങളും സമ്പൂർണ്ണമായി മലയാളത്തിലാക്കാൻ എന്തെല്ലാം പരിപാടികൾ നടത്തി വരുന്നു എന്ന് വിശദമാക്കുമോ? | ഭരണഘടന ഉൾപ്പെടെ തിരഞ്ഞെടുക്കപ്പെട്ട പല കേന്ദ്ര നിയമങ്ങളും സമ്പൂർണ്ണമായി മലയാളത്തിലാക്കിയിട്ടുണ്ട്. പൊതുഭരണ (ഔദ്യോഗിക ഭാഷ) വകുപ്പിന്റെ 25-10-1979 ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നം.573/79/പൊ.ഭ.വ പ്രകാരം ഒരോ വകുപ്പിനെയും സംബന്ധിച്ച കോഡുകൾ, മാന്വലുകൾ, ചട്ടങ്ങൾ, ഫാറങ്ങൾ തുടങ്ങിയവയുടെ മലയാള പരിഭാഷ നിർവ്വഹിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ അതത് വകുപ്പ് തന്നെ ചെയ്യേണ്ടതാണ്. ആയതിലേയ്ക്കായി ഒരോ വകുപ്പിലും ഒരു പരിഭാഷാ സെൽ രൂപീകരിക്കേണ്ടതാണ്. പ്രസ്തുത സെൽ തർജ്ജിമ ചെയ്ത കോഡുകളും മാന്വലുകളും മറ്റും സൂക്ഷ്മ പരിശോധനയ്ക്കായി ഔദ്യോഗിക ഭാഷാ വകുപ്പിലേക്ക് അയക്കേണ്ടതാണ്. |

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**